EQUIFAX

sidbi



# മൈക്രോഫിനാൻസ് പൾസ്

ലക്കം XII– മെയ് 2022

# അനലിറ്റിക്കൽ കോൺടാക്റ്റ്സ്

## ഇക്വിഫാക്സ്


കിരൺ സമുദ്രല
വിപി-അനലിറ്റിക്സ്
kiran.samudrala@equifax.com

ശ്രുതിജോഷി
എവിപി- അനലിറ്റിക്സ്
shruti.joshi@equifax.com

വന്ദന പാഞ്ചാൽ
സീനി.എക്സ്- അനലിറ്റിക്സ്
vandana.panchal@equifax.com


## സിഡ്ബി


സഞ്ജയ് ജയിൻ
ജിഎം- ഇആർഡിഎ
erdav@sidbi.in

രമേശ് കുമാർ
മാനേജർ-എംപിഐവി-ഇആർഡിഎ
rameshk@sidbi.in

# വിഷയ വിവരം


| | |
|---|---|
| എക്സിക്യൂട്ടീവ് സമ്മറി | 04 |
| ചുരുക്കാക്ഷരങ്ങളും പദാവലിയും | 05 |
| മൈക്രോഫിനാൻസ് വ്യവസായം - ഒരു അവലോകനം | 06 |
| വായ്പാവിതരണത്തിലെ പ്രവണതകൾ | 09 |
| വ്യവസായത്തിന്റെ റിസ്ക് പ്രൊഫൈൽ | 12 |
| ഭൂമിശാസ്ത്രപരമായ വ്യാപ്തി | 14 |
| സംസ്ഥാനത്തിന്റെ സമഗ്ര രേഖാചിത്രം | 17 |
| വികസനം കാംക്ഷിക്കുന്ന ജില്ലകൾ | 22 |
| കസ്റ്റമർ ലെവൽ അനാലിസിസ് | 24 |

# എക്സിക്യൂട്ടീവ് സമ്മറി

മൈക്രോഫിനാൻസ് പൾസ് റിപ്പോർട്ടിന്റെ പന്ത്രണ്ടാമത് ലക്കം, ഡിസംബർ 2021 പ്രകാരം സമർപ്പിക്കപ്പെട്ട ഡാറ്റയുടേയും ഈ കാലാവധിയിൽ മൈക്രോഫിനാൻസ് മേഖലയിലെ ഗതിവിധികളുടേയും ഒരു ത്വരിത ചിത്രം അവതരിപ്പിക്കുകയാണ്.

ഡിസംബർ 2021 പ്രകാരം മൈക്രോഫിനാൻസ് വ്യവസായത്തിലെ മൊത്തം വായ്പാത്തുക, 9.6 കോടി സജീവ വായ്പകളിലായി 2,36,178 കോടി രൂപയാണ്. ഒഎൻഡി '21ൽ 66,849 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്യപ്പെട്ടു.എൻബിഎഫ്സികളുടെ ശരാശരി വായ്പാത്തുക ഏറ്റവും ഉയർന്നതാണ്, മൊത്തം വ്യവസായത്തിലെ വായ്പാത്തുകയേക്കാൾ ഉയർന്നത്. വ്യവസായത്തിന്റെ നിലവിലുള്ള വായ്പാത്തുക (പിഒഎസ്) ഡിസംബർ 2020 അപേക്ഷിച്ച് ഡിസംബർ 2021ൽ 3% വാർഷിക വളർച്ചയ്ക്കുംസെപ്റ്റംബർ 2020 മുതൽ ഡിസംബർ 2021 വരെയുള്ള കാലയളവിൽ 4%ഉം വർഷാനുവർഷ വളർച്ചയ്ക്കും സാക്ഷ്യം വഹിച്ചു. നിലവിലുള്ള വായ്പാത്തുകയിൽ ഏറ്റവും കൂടുതൽ സംഭാവന ബാങ്കുകളുടേതും തുടർന്ന് എൻബിഎഫ്സി-എംഎഫ്ഐകളുടേതുമാണ്.

ഒഎൻഡി '20 അപേക്ഷിച്ച് ഒഎൻഡി '21ൽ വിതരണം ചെയ്യപ്പെട്ട വായ്പകളുടെ മൊത്തം തുകയിൽ 7% വർദ്ധനയുണ്ടായി. എല്ലാ പാദങ്ങളിലും ഏറ്റവും കൂടുതൽ വായ്പകൾ നല്കിയത് ബാങ്കുകളും തുടർന്ന് എൻബിഎഫ്സി-എംഎഫ്ഐകളുമാണ്. 30കെയ്ക്കും അതിനു മുകളിലുമുള്ള വായ്പകൾ സകാരാത്മകമായ വർഷാനുവർഷ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. 55%ലേറെ വായ്പകൾ 20കെ-50കെ വായ്പാത്തുകകളുടെ ശ്രേണിയിലാണ് വിതരണം ചെയ്യപ്പെട്ടത്. ഒഎൻഡി '20 അപേക്ഷിച്ച് ഒഎൻഡി '21ൽ ശരാശരി വായ്പാത്തുകയിൽ 23% വളർച്ചയുണ്ടായി.

1-179 ദിവസങ്ങളുടെ പാസ്റ്റ് ഡ്യൂ തിരിച്ചടവ് വിലോപം, സെപ്റ്റംബർ 2021ലെ 18.77%ൽ നിന്ന് ഡിസംബർ 2021ൽ 13.80% ആയി കുറഞ്ഞു. 60-89 ദിവസങ്ങളുടെ പാസ്റ്റ് ഡ്യൂ തിരിച്ചടവ് വിലോപം സെപ്റ്റംബർ 2021 അപേക്ഷിച്ച് ഡിസംബർ 2021ൽ കൂടുതലാണ്.

ഡിസംബർ 2021 പ്രകാരം നിലവിലുള്ള വായ്പാത്തുകയുടെ 82% 10 മുൻനിര സംസ്ഥാനങ്ങളുടെ സംഭാവനയാണ്. 30,562 കോടി രൂപയുമായി തമിഴ്നാട് മൈക്രോഫിനാൻസ് വ്യവസായത്തിന്റെ നായകത്വം വഹിക്കുന്നു. ഡിസംബർ 2021 പ്രകാരം നിലവിലുള്ള വായ്പാത്തുകയുടെ കാര്യത്തിൽ തമിഴ്നാട്, ബീഹാർ, പശ്ചിമ ബംഗാൾ, കർണ്ണാടക, ഉത്തർ പ്രദേശ് എന്നിവയാണ് മുൻനിരയിലുള്ള സംസ്ഥാനങ്ങൾ. പശ്ചിമ ബംഗാളിന്റെ 90+ തിരിച്ചടവ് വിലോപം മൊത്തം വ്യവസായത്തിന്റെ തിരിച്ചടവ് വിലോപത്തേക്കാൾ ഉയർന്നതാണ്.

ഈ ലക്കത്തിൽ സംസ്ഥാനത്തിന്റെ സമഗ്ര രേഖാചിത്രമായി ഉൾപ്പെടുത്തിയിരിക്കുന്നത് രാജസ്ഥാനേയാണ്. 31 ഡിസംബർ 2021 പ്രകാരം, രാജസ്ഥാന്റെ നിലവിലെ വായ്പാ സംവിഭാഗം 10,812 കോടി രൂപയാണ്. ഒഎൻഡി '21ൽ രാജസ്ഥാൻ 2,903 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്.എൻബിഎഫ്സികളുടെ വായ്പാത്തുകകളുടെ ശരാശരി വലിപ്പം എല്ലാ വായ്പാധാരകരിലും ഏറ്റവും ഉയർന്നതാണ്. രാജസ്ഥാനിലെ എല്ലാ വായ്പാദാതാക്കളിലും വെച്ച് 90+ തിരിച്ചടവ് വിലോപം, ലാഭത്തിനു വേണ്ടിയല്ലാത്ത എൻബിഎഫ്സികളിലാണ് ഏറ്റവും കുറവ്. എഎംജെ '21 ഒഴിച്ച് 60%ലേറെ വായ്പകൾ 20കെ-50കെ വായ്പാത്തുക ശ്രേണിയിലാണ് വിതരണം ചെയ്യപ്പെട്ടത്. രാജസ്ഥാന്റ നിലവിലെ വായ്പാത്തുക ഡിസംബർ 2020 അപേക്ഷിച്ച് ഡിസംബർ 2021ൽ 15% വർഷാനുവർഷ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. രാജസ്ഥാന്റെ സമഗ്ര 90+ തിരിച്ചടവ് വിലോപം, സെപ്റ്റംബർ 2021 അപേക്ഷിച്ച് ഡിസംബർ 2021ൽ വർദ്ധിച്ചിട്ടുണ്ട്.

എംഎഫ്ഐ പൾസ് റിപ്പോർട്ടിന്റെ പന്ത്രണ്ടാമത് ലക്കത്തിൽ 31 ഡിസംബർ 2021 പ്രകാരം കസ്റ്റമർ ലെവൽ അനാലിസിസ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. 70%ലേറെ ഇടപാടുകാർക്ക് ഒരൊറ്റ വായ്പ മാത്രമേയുള്ളൂ. ലാഭത്തിനു വേണ്ടിയല്ലാത്ത എൻബിഎഫ്സികളിലാണ് നിലവിൽ 2 വായ്പകളുള്ള ഏറ്റവും കൂടുതൽ ഇടപാടുകാരുള്ളത്.

# ചുരുക്കാക്ഷരങ്ങളും പദാവലിയും

- എടിഎസ്  (ആവറേജ് ടിക്കറ്റ് സൈസ്) = വിതരണംചെയ്തതുക/വായ്പകളുടെഎണ്ണം
- ഡിപിഡി= ഡെയ്സ് പാസ്റ്റ് ഡ്യൂ (കാലാവധി കഴിഞ്ഞ് ദിനങ്ങൾ)
- ലൈവ് പിഒഎസ് അഥവാ വായ്പാധാരകർ അഥവാ സജീവ വായ്പകൾ= 0 മുതൽ 179 ഡിപിഡി+ പുതിയഅക്കൌണ്ടുകൾ +കറന്റ്അക്കൌണ്ടുകൾ
- എംഎഫ്ഐ = മൈക്രോ ഫിനാൻസ് സ്ഥാപനം
- പിഒഎസ്= പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻറിങ്ങ് (നിലവിലുള്ള മൊത്തം വായ്പാത്തുക)
- യുടി = യൂണിയൻ ടെറിട്ടറി (കേന്ദ്ര ഭരണ പ്രദേശം)
- വികസനം കാംക്ഷിക്കുന്ന ജില്ലകൾ - ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, കൃഷി, ജലസ്രോതസ്സുകൾ, സാമ്പത്തിക ഉൾപ്പെടുത്തൽ, കൌശല വികസനം, അടിസ്ഥാന സൌകര്യങ്ങൾ തുടങ്ങിയ സമ്മിശ്ര സൂചകങ്ങളിലൂടെ വെളിപ്പെടുന്ന മാനവ വികസന സൂചകങ്ങൾ മെച്ചപ്പെടുത്താനായി ജനുവരി 2018ൽ നീതി ആയോഗ് തിരഞ്ഞെടുത്ത ജില്ലകൾ (നിലവിൽ  എണ്ണം  117)

- 1-179 = 1 മുതൽ 179 ഡിപിഡി/ലൈവ്പിഒഎസ്
- 1-29 = 1 മുതൽ 29 ഡിപിഡി/ലൈവ്പിഒഎസ്
- 30-59=30 മുതൽ 59 ഡിപിഡി/ലൈവ്പിഒഎസ്
- 60-89=60 മുതൽ 89 ഡിപിഡി/ലൈവ്പിഒഎസ്
- 90-179 = 90 മുതൽ 179 ഡിപിഡി/ലൈവ്പിഒഎസ്
- 30+ വിലോപം = 30-179 ഡിപിഡി/ലൈവ്പിഒഎസ്
- 90+ വിലോപം = 90-179 ഡിപിഡി/ലൈവ്പിഒഎസ്

- ഒഎൻഡി’20=ഒക്ടോബർ 2020  മുതൽ ഡിസംബർ 2020 വരെ
- ജെഎഫ്എം’21 =ജനുവരി 2021 മുതൽ മാർച്ച് 2021 വരെ
- എഎംജെ’21 =ഏപ്രിൽ 2021 മുതൽ ജൂൺ 2021വരെ
- ജെഎസ്’21 =ജൂലായ് 2021 മുതൽ സെപ്റ്റംബർ 2021 വരെ
- ഒഎൻഡി’21 =ഒക്ടോബർ 2021  മുതൽ ഡിസംബർ 2021 വരെ




# മൈക്രോഫിനാൻസ് വ്യവസായം - ഒരു അവലോകനം

# മൈക്രോഫിനാൻസ് വ്യവസായം ഒറ്റനോട്ടത്തിൽ

## 31 ഡിസംബർ 2021 പ്രകാരം

| 31 ഡിസംബർ 2021 പ്രകാരം | ബാങ്കുകൾ | എസ്എഫ്ബി | എൻബിഎഫ്സി - എംഎഫ്ഐ | എൻബിഎഫ്സി | ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ | വ്യവസായം മൊത്തം |
|---|---|---|---|---|---|---|
| അതുല്യരായ സജീവ വായ്പാധാരകർ ('000) | 25,532 | 12,677 | 26,892 | 5,997 | 834 | 71,932 |
| സജീവ വായ്പകൾ ('000) | 36,177 | 15,591 | 36,395 | 6,505 | 1,102 | 95,770 |
| വായ്പാ സംവിഭാഗം (₹ കോടി) | 93,841 | 39,675 | 84,065 | 16,337 | 2,260 | 236,178 |
| വിതരണം ചെയ്ത തുക (₹ കോടി)- ഒഎൻഡി '21 | 26,487 | 11,957 | 23,105 | 4,407 | 893 | 66,849 |
| (വായ്പാത്തുകയുടെ ശരാശരി വലിപ്പം (₹) - ഒഎൻഡി '21 | 41,760 | 41,177 | 36,095 | 44,284 | 31,268 | 39,489 |
| 30+ വിലോപം (പിഒഎസ്) | 12.00% | 8.45% | 6.23% | 5.21% | 1.30% | 8.78% |
| 90+ വിലോപം (പിഒഎസ്) | 5.19% | 2.91% | 2.14% | 1.78% | 0.65% | 3.44% |





- 31 ഡിസംബർ 2021 പ്രകാരം നിലവിലുള്ള വായ്പാത്തുക 9.6 കോടി സജീവ വായ്പകളിലായി 2,36,178 കോടി രൂപയാണ്.
- ഒഎൻഡി '21ൽ വിതരണം ചെയ്ത തുക 66,849 കോടി രൂപയാണ്.
- എൻബിഎഫ്സികളുടെ വായ്പാത്തുകകളുടെ ശരാശരി വലിപ്പം ഏറ്റവും ഉയർന്നതാണ്., ഇത്, ഒഎൻഡി '21 പ്രകാരം മൊത്തം വ്യവസായത്തിലെ വായ്പാത്തുകയുടെ വലിപ്പത്തേക്കാൾ ഉയർന്നതാണ്.
- ബാങ്കുകളുടെ **30+,90+** തിരിച്ചടവ് വിലോപം വ്യവസായത്തിലെ വിലോപത്തേക്കാൾ ഉയർന്നതാണ്.

# മൈക്രോഫിനാൻസ് വ്യവസായം – ഒരു അവലോകനം

**നിലവിലുള്ള മൊത്തം വായ്പാ സംവിഭാഗം (₹കോടി)**

| വിവരണം | ഡിസം'20 | മാർച്ച് '21 | ജൂൺ '21 | സെപ്റ്റ.'21 | ഡിസം'21 |
|---|---|---|---|---|---|
| ബാങ്കുകൾ | 96,683 | 109,867 | 95,674 | 92,725 | 93,841 |
| എസ്എഫ്ബി | 38,109 | 38,903 | 35,345 | 36,863 | 39,675 |
| എൻബിഎഫ്സി - എംഎഫ്ഐ | 73,166 | 79,420 | 72,856 | 79,932 | 84,065 |
| എൻബിഎഫ്സി | 18,988 | 18,992 | 16,140 | 14,621 | 16,337 |
| ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ | 1,872 | 2,095 | 2,045 | 1,982 | 2,260 |
| വ്യവസായം മൊത്തം | 228,818 | 249,277 | 222,060 | 226,123 | 236,178 |
| വർഷാനുവർഷ വളർച്ചാ നിരക്ക് % | 0% | 9% | -11% | 2% | 4% |

**വായ്പാദാതാക്കളുടെ തരം അനുസരിച്ച് മാർക്കറ്റ് ഷെയർ പ്രവണത**




- മൈക്രോഫിനാൻസ് വ്യവസായം സെപ്റ്റംബർ 2021 അപേക്ഷിച്ച് ഡിസംബർ 2021ൽ 4% വർഷാനുവർഷ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു.
- മൈക്രോഫിനാൻസ് വ്യവസായം ഡിസംബർ 2020 അപേക്ഷിച്ച് ഡിസംബർ 2021ൽ 4% വർഷാനുവർഷ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു
- ബാങ്കുകളും തുടർന്ന് എൻബിഎഫ്സി-എംഎഫ്ഐകളുമാണ് നിലവിലെ വായ്പാത്തുകയിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ളത്.




# വായ്പാവിതരണത്തിലെ പ്രവണതകൾ

# വായ്പാവിതരണത്തിലെ പ്രവണതകൾ -സ്ഥാപനം തിരിച്ച്

വിതരണം ചെയ്ത വായ്പകളുടെ എണ്ണം (ലക്ഷത്തിൽ)

| വായ്പാദാതാവിന്റെ തരം | ഒഎൻഡി '20 | ജെഎഫ്എം '21 | എഎംജെ '21 | ജെഎഎസ് '21 | ഒഎൻഡി '21 |
|---|---|---|---|---|---|
| ബാങ്കുകൾ | 100 | 111 | 41 | 77 | 63 |
| എസ്എഫ്ബി | 21 | 32 | 9 | 36 | 29 |
| എൻബിഎഫ്സി - എംഎഫ്ഐ | 65 | 77 | 19 | 69 | 64 |
| എൻബിഎഫ്സി | 7 | 11 | 3 | 8 | 10 |
| ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ | 2 | 3 | 1 | 2 | 3 |
| വ്യവസായം മൊത്തം | 195 | 234 | 73 | 192 | 169 |

വായ്പാദാതാക്കളുടെ തരം അനുസരിച്ച് മാർക്കറ്റ് ഷെയർ പ്രവണത





- ഒഎൻഡി '20 അപേക്ഷിച്ച് ഒഎൻഡി'21ൽ വിതരണം ചെയ്ത വായ്പകളുടെ എണ്ണത്തിൽ 13% കുറവുണ്ടായി. എന്നാൽ ഇതേ കാലയളവിൽ വിതരണം ചെയ്ത തുകയിൽ 7% വർദ്ധനയുണ്ടായി.
- എല്ലാ പാദങ്ങളിലും വെച്ച് ഏറ്റവും കൂടുതൽ വായ്പാ വിതരണം നടത്തിയത് ബാങ്കുകളും തുടർന്ന് എൻബിഎഫ്സി-എംഎഫ്ഐകളുമാണ്.
- വായ്പാ വിതരണത്തിന്റെ കാര്യത്തിൽ എൻബിഎഫ്സികളും ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐകളും ജെഎഎസ് '21 മുതൽ ഒഎൻഡി '21 അപേക്ഷിച്ച് ഒഎൻഡി '21ൽ സകാരാത്മകമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു.

# വായ്പാത്തുകയുടെ വലിപ്പം അനുസരിച്ച് വ്യവസായത്തിലെ പ്രവണതകൾ

വിതരണം ചെയ്ത വായ്പകളുടെ എണ്ണം (ലക്ഷത്തിൽ)

| വായ്പാത്തുകയുടെ വലിപ്പം | ഒഎൻഡി '20 | ജെഎഫ്എം '21 | എഎംജെ '21 | ജെഎഎസ് '21 | ഒഎൻഡി '21 | വർഷാനുവർഷ വളർച്ചാ നിരക്ക് % |
|---|---|---|---|---|---|---|
| 0കെ-10കെ | 35 | 19 | 8 | 18 | 10 | -71% |
| 10കെ -20കെ | 20 | 18 | 7 | 20 | 12 | -40% |
| 20കെ -30കെ | 32 | 40 | 12 | 34 | 24 | -25% |
| 30കെ -40കെ | 43 | 58 | 16 | 47 | 46 | 7% |
| 40കെ -50കെ | 29 | 38 | 11 | 29 | 29 | 0% |
| 50കെ -60കെ | 18 | 28 | 9 | 25 | 23 | 28% |
| 60കെയ്ക്ക് മുകളിൽ | 18 | 33 | 9 | 19 | 25 | 39% |
| മൊത്തം | 195 | 234 | 73 | 192 | 169 | -13% |
| പാദാനുപാദ വായ്പാ വിതരണ വളർച്ചാ നിരക്ക് % | - | 20% | -69% | 163% | -12% | - |
| അഖിലേന്ത്യാ എ ടി എസ് (₹) | 32,109 | 38,789 | 35,793 | 35,110 | 39,489 | - |
| പാദാനുപാദ എ ടി എസ് വളർച്ചാ നിരക്ക് % | - | 21% | -8% | -2% | 12% | - |

വിതരണം ചെയ്ത വായ്പകളുടെ എണ്ണം (ലക്ഷങ്ങളിൽ)




- 50കെയും അതിനു മുകളിലുമുള്ള വായ്പാത്തുകകളുടെ ശ്രേണിയിൽ 25% വർഷാനുവർഷ വളർച്ചയുണ്ടായി.
- 55%ലേറെ വായ്പകൾ 20കെ-50കെ വായ്പാത്തുകകളുടെ ശ്രേണിയിലാണ് വിതരണം ചെയ്യപ്പെട്ടത്.
- വായ്പാത്തുകകളുടെ ശരാശരി വലിപ്പം ഒഎൻഡി'20 അപേക്ഷിച്ച് ഒഎൻഡി '21ൽ 23% വർദ്ധിച്ചു.





# വ്യവസായത്തിന്റെ റിസ്ക് പ്രൊഫൈൽ

# വായ്പ തിരിച്ചടവ് വിലോപത്തിലെ പ്രവണതകൾ

**നിശ്ചിത തീയതിയ്ക്ക് ശേഷമുള്ള ദിവസങ്ങൾ പ്രകാരം തിരിച്ചടവ് വിലോപം**

| | 1- 29 ഡെയ്സ് പാസ്റ്റ് ഡ്യൂ | 30-59 ഡെയ്സ് പാസ്റ്റ് ഡ്യൂ | 60-89 ഡെയ്സ് പാസ്റ്റ് ഡ്യൂ | 90-179 ഡെയ്സ് പാസ്റ്റ് ഡ്യൂ | 1-179 ഡെയ്സ് പാസ്റ്റ് ഡ്യൂ |
|---|---|---|---|---|---|
| ഡിസം '20 | 7.50% | 4.73% | 3.49% | 4.96% | 20.68% |
| മാർച്ച് '21 | 4.55% | 2.90% | 2.01% | 4.12% | 13.58% |
| ജൂൺ '21 | 14.90% | 10.14% | 3.38% | 3.01% | 31.43% |
| സെപ്റ്റ.'21 | 8.64% | 5.44% | 1.74% | 2.95% | 18.77% |
| ഡിസം '21 | 5.03% | 3.19% | 2.14% | 3.44% | 13.80% |

**നിശ്ചിത തീയതിയ്ക്ക് ശേഷമുള്ള ദിവസങ്ങൾ പ്രകാരം തിരിച്ചടവ് വിലോപം**





- 1-179 ഡെയ്സ് പാസ്റ്റ് ഡ്യൂ വിലോപം സെപ്റ്റംബർ 2021ലെ 18.77%ൽനിന്ന് ഡിസംബർ 2021ൽ 13.80% ആയി കുറഞ്ഞു.
- സെപ്റ്റംബർ 2021 അപേക്ഷിച്ച് ഡിസംബർ 2021ൽ 60-179 ദിവസങ്ങളുടെ വിലോപത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്.




# ഭൂമിശാസ്ത്രപരമായ വ്യാപ്തി

## സംസ്ഥാനം/കേന്ദ്രഭരണപ്രദേശം അനുസരിച്ച് നിലവിലുള്ള വായ്പാ സംവിഭാഗം-
## 31 ഡിസംബർ 2021 പ്രകാരം




- 31 ഡിസംബർ 2021 പ്രകാരം നിലവിലെ വായ്പാ സംവിഭാഗത്തിന്റെ 82%,10 മുൻനിര സംസ്ഥാനങ്ങളുടെ സംഭാവനയാണ്.
- 30,652 കോടി രൂപയുടെ നിലവിലെ വായ്പാ സംവിഭാഗവുമായി മുന്നിൽ നിൽക്കുന്ന തമിഴ് നാട്, നിലവിലെ മൊത്തം മൈക്രോഫിനാൻസ് വ്യവസായത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നു.
- 31 ഡിസംബർ 2021 പ്രകാരം തമിഴ് നാട്, പശ്ചിമ ബംഗാൾ, ബീഹാർ, കർണ്ണാടക, ഉത്തർ പ്രദേശ് എന്നിവയാണ് 5 മുൻനിര സംസ്ഥാനങ്ങൾ

# സംസ്ഥാനം/കേന്ദ്രഭരണപ്രദേശം അനുസരിച്ച് 90+ തിരിച്ചടവ് വിലോപം
# 30 സെപ്റ്റംബർ 2021 പ്രകാരം





5 മുൻനിര സംസ്ഥാനങ്ങളുടെ 90+ തിരിച്ചടവ് വിലോപം താഴെപ്പറയുന്നു:

| തമിഴ്നാട് | ബിഹാർ | പശ്ചിമ ബംഗാൾ | കർണ്ണാടക | ഉത്തർ പ്രദേശ് |
|---|---|---|---|---|
| 2.54% | 2.71% | 7.88% | 2.01% | 2.01% |

**പശ്ചിമ ബംഗാളിന്റെ 90+ തിരിച്ചടവ് വിലോപം മൊത്തം വ്യവസായത്തിന്റെ 3.44 ശതമാനത്തേക്കാൾ ഉയർന്നതാണ്.**

കുറിപ്പ്:* : തിരിച്ചടവ് വിലോപം കണക്കാക്കിയിരിക്കുന്നത് നിലവിലെ സംവിഭാഗം അടിസ്ഥാനമാക്കിയാണ്.




# സംസ്ഥാനത്തിന്റെ സമഗ്ര രേഖാചിത്രം: രാജസ്ഥാൻ


# രാജസ്ഥാൻ: സംസ്ഥാനം ഒറ്റനോട്ടത്തിൽ

| രാജസ്ഥാൻ ഒറ്റനോട്ടത്തിൽ 31ഡിസംബർ 2021 പ്രകാരം | ബാങ്കുകൾ | എസ്എഫ്ബി | എൻബിഎഫ്സി എംഎഫ്ഐ | എൻബിഎഫ്സി | ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ | മൊത്തം വ്യവസായം |
|---|---|---|---|---|---|---|
| സക്രിയ വായ്പകൾ('000) | 2,107 | 556 | 1,738 | 193 | 9 | 4,603 |
| വായ്പാ സംവിഭാഗം (₹കോടി) | 4,765 | 1,334 | 4,163 | 534 | 16 | 10,812 |
| നിലവിലെ വായ്പാ സംവിഭാഗത്തിന്റെ മാർക്കറ്റ് ഷെയർ | 44% | 12% | 39% | 5% | 0% | - |
| വിതരണം ചെയ്ത തുക (₹കോടി)- ഒഎൻഡി '21 | 1,192 | 371 | 1,180 | 154 | 6 | 2,903 |
| ശരാശരി വായ്പാത്തുക (₹കോടി) - ഒഎൻഡി '21 | 36,209 | 37,792 | 36,319 | 42,946 | 31,738 | 36,744 |
| 30+ വിലോപം (പിഒഎസ്) | 9.73% | 6.61% | 6.83% | 7.07% | 3.85% | 8.09% |
| 90+ വിലോപം (പിഒഎസ്) | 4.03% | 2.75% | 2.25% | 2.21% | 1.34% | 3.09% |


**സക്രിയ വായ്പകൾ('000)**




**വായ്പാ സംവിഭാഗം (₹ കോടി)**




**വിതരണം ചെയ്ത തുക (₹ കോടി)- ഒഎൻഡി '21**




ബാങ്കുകൾ ■ എസ്എഫ്ബി ■ എൻബിഎഫ്സി- എംഎഫ്ഐ ■ എൻബിഎഫ്സി ■ ലാഭത്തിനുവേണ്ടിയല്ലാത്ത എംഎഫ്ഐ


- 31 ഡിസംബർ 2021 പ്രകാരം രാജസ്ഥാന്റെ നിലവിലുള്ള വായ്പാ സംവിഭാഗം 10,812 കോടി രൂപയാണ്.
- നിലവിലെ വായ്പാ സംവിഭാഗത്തിൽ ഏറ്റവും വലിയ സംഭാവന ബാങ്കുകളുടേതും തുടർന്ന് എൻബിഎഫ്സി-എംഎഫ്ഐകളുടേതുമാണ്.
- ഒഎൻഡി '21ൽ രാജസ്ഥാൻ 2903 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തു.
- എൻബിഎഫ്സികളുടെ ശരാശരി വായ്പാത്തുകയുടെ വലിപ്പം എല്ലാ വായ്പാദാതാക്കളിലും വെച്ച് ഏറ്റവും ഉയർന്നതാണ്.
- ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐകളുടെ 90+ തിരിച്ചടവ് വിലോപം,രാജസ്ഥാനിലെ എല്ലാ വായ്പാദാതാക്കളിലും വെച്ച് ഏറ്റവും കുറഞ്ഞതാണ്.

# രാജസ്ഥാൻ – വ്യവസായത്തിലെ വായ്പാത്തുകയുടെ വലിപ്പത്തിലെ പ്രവണതകൾ

**വിതരണം ചെയ്ത വായ്പകളുടെ എണ്ണം ('000ൽ)**

| വായ്പാത്തുകയുടെ വലിപ്പം | ഒഎൻഡി '20 | ജെഎഫ്എം '21 | എഎംജെ '21 | ജെഎഎസ് '21 | ഒഎൻഡി '21 | വർഷാനുവർഷ വളർച്ചാ നിരക്ക് % |
|---|---|---|---|---|---|---|
| 0കെ-10കെ | 88 | 93 | 37 | 94 | 59 | -33% |
| 10കെ -20കെ | 40 | 75 | 32 | 70 | 43 | 8% |
| 20കെ -30കെ | 168 | 224 | 59 | 164 | 107 | -36% |
| 30കെ -40കെ | 274 | 362 | 73 | 247 | 261 | -5% |
| 40കെ -50കെ | 137 | 211 | 49 | 158 | 145 | 6% |
| 50കെ -60കെ | 74 | 137 | 36 | 108 | 93 | 26% |
| 60കെയ്ക്ക് മുകളിൽ | 80 | 135 | 38 | 79 | 82 | 2% |
| മൊത്തം | 861 | 1,237 | 324 | 920 | 790 | -8% |
| പാദാനുപാദ വായ്പാ വിതരണ വളർച്ചാ നിരക്ക് % | - | 44% | -74% | 184% | -14% | - |
| അഖിലേന്ത്യാ എ ടി എസ് (₹) | 35,204 | 37,419 | 35,797 | 34,942 | 36,744 | - |
| പാദാനുപാദ എ ടി എസ് വളർച്ചാ നിരക്ക് % | - | 6% | -4% | -2% | 5% | - |

**വിതരണം ചെയ്ത വായ്പകളുടെ എണ്ണം (ലക്ഷങ്ങളിൽ)**





- രാജസ്ഥാനിൽ ഒഎൻഡി’20 മുതൽ ഒഎൻഡി’21 വരെ വിതരണം ചെയ്ത വായ്പകളുടെ എണ്ണത്തിൽ 8% കുറവുണ്ടായി.
- എഎംജെ’21 ഒഴിച്ച് 60% ലേറെ വായ്പകൾ 20കെ-50കെ വായ്പാത്തുക ശ്രേണിയിലാണ് വിതരണം ചെയ്തത്.
- രാജസ്ഥാന്റെ വായ്പാത്തുകയുടെ ശരാശരി വലിപ്പം ജെഎഎസ്’21 മുതൽ ഒഎൻഡി’21 വരെയുള്ള കാലയളവിൽ 5%ഉംഒഎൻഡി ’21മുതൽഒഎൻഡി’21 വരെയുള്ള കാലയളവിൽ 4%ഉംവർദ്ധിച്ചു.

# രാജസ്ഥാൻ: പോർട്ട്ഫോളിയോ പ്രവണതകൾ

നിലവിലെ വായ്പാ സംവിഭാഗം (₹ കോടി)


| വിവരണം | ഡിസം '20 | മാർച്ച് '21 | ജൂൺ '21 | സെപ്റ്റ. '21 | ഡിസം '21 |
|---|---|---|---|---|---|
| ബാങ്കുകൾ | 4,222 | 5,346 | 4,768 | 4,844 | 4,765 |
| എസ്എഫ്ബി | 1,173 | 1,300 | 1,177 | 1,280 | 1,334 |
| എൻബിഎഫ്സി-എംഎഫ്ഐ | 3,261 | 3,771 | 3,389 | 3,860 | 4,163 |
| എൻബിഎഫ്സി- | 748 | 665 | 531 | 496 | 534 |
| ലാഭത്തിനു വേണ്ടി- യല്ലാത്ത എംഎഫ്ഐ | 3 | 3 | 2 | 14 | 16 |
| രാജസ്ഥാൻ | 9,407 | 11,085 | 9,867 | 10,494 | 10,812 |
| പാദാനുപാദ വളർച്ചാ നിരക്ക് % | - | 18% | -11% | 6% | 3% |




- ഡിസംബർ 2020 മുതൽ ഡിസംബർ 2021 വരെയുള്ള കാലയളവിൽ രാജസ്ഥാൻ നിലവിലെ വായ്പാ സംവിഭാഗത്തിൽ 15% വർഷാനുവർഷ വളർച്ച കൈവരിച്ചു.
- ഡിസംബർ 2020 മുതൽ ഡിസംബർ 2021 വരെയുള്ള കാലയളവിൽ ലാഭത്തിന് വേണ്ടിയല്ലാത്ത എംഎഫ്ഐകൾ ഏറ്റവും ഉയർന്ന 433% വർഷാനുവർഷ വളർച്ച കൈവരിച്ചപ്പോൾ തൊട്ടു പിന്നാലെ അതേ കാലയളവിൽ എൻബിഎഫ്സി- എംഎഫഐകൾ 28% വളർച്ച നേടി.
- നിലവിലെ വായ്പാ സംവിഭാഗത്തിന്റെ 80% ലേറെ ബാങ്കുകളുടേയും എൻബിഎഫ്സികളുടേയും സംഭാവനയാണ്.

# രാജസ്ഥാൻ: 90+ തിരിച്ചടവ് വിലോപത്തിലെ പ്രവണതകൾ

| വായ്പാദാതാവിന്റെ തരം | ഡിസം '20 | മാർച്ച് '21 | ജൂൺ '21 | സെപ്റ്റ. '21 | ഡിസം '21 |
|---|---|---|---|---|---|
| ബാങ്കുകൾ | 1.78% | 1.67% | 1.52% | 2.29% | 4.03% |
| എസ്എഫ്ബി | 2.78% | 2.86% | 1.91% | 3.87% | 2.75% |
| എൻബിഎഫ്സി-എംഎഫ്ഐ | 2.84% | 2.04% | 2.65% | 1.73% | 2.25% |
| എൻബിഎഫ്സി- | 1.63% | 2.28% | 3.63% | 4.10% | 2.21% |
| ലാഭത്തിനു വേണ്ടി-യല്ലാത്ത എംഎഫ്ഐ | 4.25% | 4.25% | 1.47% | 2.26% | 1.34% |
| രാജസ്ഥാൻ | 2.26% | 1.98% | 2.07% | 2.36% | 3.09% |




- രാജസ്ഥാന്റെ സമഗ്ര 90+ വായ്പ തിരിച്ചടവ് വിലോപം സെപ്റ്റംബർ 2021 അപേക്ഷിച്ച് ഡിസംബർ 2021ൽ ഉയർന്നു.
- സെപ്റ്റംബർ 2021 അപേക്ഷിച്ച് എസ്എഫ്ബി, എൻബിഎഫ്സി, ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐകൾ എന്നിവയുടെ 90+ വായ്പ തിരിച്ചടവ് വിലോപം മെച്ചപ്പെട്ടിട്ടുണ്ട്.
- ഡിസംബർ 2021 പ്രകാരം ബാങ്കുകളുടെ 90+ വായ്പ തിരിച്ചടവ് വിലോപം, രാജസ്ഥാന്റെ സമഗ്ര 90+ വായ്പ തിരിച്ചടവ് വിലോപത്തേക്കാൾ ഉയർന്നതാണ്.

EQUIFAX®

sidbi



# വികസനം കാംക്ഷിക്കുന്ന ജില്ലകൾ

Powering the World with knowledge ™

EQUIFAX®


# വികസനം കാംക്ഷിക്കുന്ന ജില്ലകൾ

## ഡിസംബർ 2021 അവലോകനം


| വികസനം കാംക്ഷിക്കുന്ന ജില്ലകളുടെ വളർച്ചാ വിവരങ്ങൾ | ഡിസംബർ 2017 | ഡിസംബർ 2021 | വളർച്ച% |
|---|---|---|---|
| സക്രിയ ഉപഭോക്തൃ വ്യാപനം ('000) | 4,155 | 8,618 | 107% |
| വിതരണം ചെയ്ത തുക (₹കോടി) | 14,374 * | 35,343** | 146% |
| സക്രിയ വായ്പകൾ ('000) | 6,925 | 13,363 | 93% |
| നിലവിലെ വായ്പാ സംവിഭാഗം(₹കോടി) | 11,175 | 31,918 | 186% |
| 30+ വിലോപം | 1.54% | 6.87% | - |
| 90+വിലോപം | 0.75% | 2.70% | - |

- വികസനം കാംക്ഷിക്കുന്ന ജില്ലകളിൽ 31 ഡിസംബർ 2021 പ്രകാരം നിലവിലുള്ള വായ്പാ സംവിഭാഗം 1.33 കോടി സജീവ വായ്പകളിൽ 31,918 കോടി രൂപയാണ്.
- വികസനം കാംക്ഷിക്കുന്ന ജില്ലകളിൽ സക്രിയ ഉപഭോക്തൃ വ്യാപനത്തിൽ ഡിസംബർ 2017 അപേക്ഷിച്ച് ഡിസംബർ 2021ൽ 107% വർദ്ധനയുണ്ടായി.
- ജനുവരി 2021 മുതൽ ഡിസംബർ 2021 വരെയുള്ള കാലയളവിൽ 35,343 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തു.
- ബാങ്കുകളുടേയും എസ്എഫ്ബികളുടേയും 30+ , 90+ വിലോപം, വികസനം കാംക്ഷിക്കുന്ന ജില്ലകളുടെ 30+, 90+ വിലോപത്തേക്കാൾ ഉയർന്നതാണ്.

**പോർട്ട്ഫോളിയോ (₹ കോടി)**





**വിതരണം ചെയ്ത തുക (₹ കോടി))– ജനു.21-ഡിസം 20**




ബാങ്കുകൾ എസ്എഫ്ബി എൻബിഎഫ്സി എൻബിഎഫ്സി ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ
എംഎഫ്ഐ

30+ ഉം 90+ഉം പിഒഎസ് വിലോപം, വായ്പാദാതാക്കളുടെ തരം അനുസരിച്ച്




കുറിപ്പ്:* : *വിതരണം ജനുവരി 2017 മുതൽ ഡിസംബർ 2017 വരെ
** വിതരണം ജനുവരി 2021 മുതൽ ഡിസംബർ 2021 വരെ
തിരിച്ചടവ് വിലോപം കണക്കാക്കിയിരിക്കുന്നത് നിലവിലെ സംവിഭാഗം അടിസ്ഥാനമാക്കിയാണ്.


EQUIFAX

sidbi



# കസ്റ്റമർ ലെവൽ അനാലിസിസ്

# 31 ഡിസംബർ 2021 പ്രകാരം കസ്റ്റമർ ലെവൽ അനാലിസിസ്




- 70%ലേറെ കസ്റ്റമർമാർക്ക് നിലവിൽ 1 വായ്പ മാത്രമേയുള്ളൂ.
- നിലവിൽ 2 വായ്പകളുള്ള ഏറ്റവും കൂടുതൽ കസ്റ്റമർമാർ, ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐകളുടേതാണ്.

## സിഡ്ബിയെക്കുറിച്ച്

സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക ഓഫ് ഇന്ത്യ, 1990ൽ പാർലിമെന്റ് പാസ്സാക്കിയ നിയമം അനുസരിച്ച് സ്ഥാപിതമായതാണ്. അത്യന്തം ചെറുകിട ലഘു, ഇടത്തരം ഉദ്യമങ്ങളെ (എംഎസ്എംഇമേഖല) പരിപോഷിപ്പിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും അവയെ വികസിപ്പിക്കുന്നതിനുമായി മുഖ്യ സാമ്പത്തിക സ്ഥാപനമായി പ്രവർത്തിക്കാനും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വിവിധ സാമ്പത്തിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുമുള്ള ഉത്തരവാദിത്വം സിഡ്ബിയിൽ നിക്ഷിപ്തമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി തങ്ങളുടെ സാമ്പത്തിക, വികസന നടപടികളിലൂടെ സിഡ്ബി സമൂഹത്തിന്റെ വിവിധ തുറകളിലെ ജനങ്ങളുടെ ജീവിതങ്ങളെ സ്പർശിക്കുന്നതോടൊപ്പം എംഎസ്എംഇ മേഖലയിലാകെയുള്ള ഉദ്യമങ്ങളെ സ്വാധീനിക്കുകയും എംഎസ്എംഇ പാരിസ്ഥിതിക വ്യവസ്ഥയിലെ ഒരുപാട് സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

തങ്ങളുടെ വിഷൻ 2.0 പ്രകാരം എംഎസ്എംഇ മേഖലയിൽ വിവരങ്ങളുടെ അസന്തുലനം ശരിപ്പെടുത്താനായി മൈക്രോഫിനാൻസ് പൾസ് കൂടാതെ, എംഎസ്എംഇകളുടെ മനോവികാരങ്ങളേയും അഭിലാഷങ്ങളേയും അടയാളപ്പെടുത്താനായി എംഎസ്എംഇ പൾസ്, എംഎസ്എംഇകളുടെ ഹെൽത്ത് ട്രാക്കർ, ക്രിസിഡെക്സ്, ഈ വ്യവസായത്തിലെ വായ്പാദാതാക്കളെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട്, ഫിൻടെക് വായ്പാമേഖലയിൽ ക്രെഡിറ്റ് ഡാറ്റയെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന ഫിൻടെക് പ്ലസ് തുടങ്ങിയവയുടെ പ്രകാശനത്തിൽ സിഡ്ബി മുൻകൈയെടുത്തിട്ടുണ്ട്.

## മൈക്രോഫിനാൻസ് രംഗത്ത് സിഡ്ബി

മൈക്രോഫിനാൻസ് പ്രസ്ഥാനത്തിന് പിന്തുണ നൽകിക്കൊണ്ട് സിഡ്ബി സാമ്പത്തിക ഉൾപ്പെടുത്തലിനെ പോഷിപ്പിക്കാനായി മാർഗ്ഗദർശിയെന്ന നിലയിൽ പ്രവർത്തിക്കുന്നു. മാർച്ച് 2021 പ്രകാരം, 100ലധികം മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്ക് മൊത്തം ₹20568 കോടിയുടെ വായ്പ മൈക്രോഫിനാൻസ് മേഖലയിൽ അനുവദിച്ചിട്ടുണ്ട്. മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്കുള്ള വായ്പാ-സാമ്പത്തിക പിന്തുണയ്ക്ക് അനുസൃതമായി ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമത പരിപോഷിപ്പിക്കുന്നതോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നത് ഉറപ്പു വരുത്തുന്ന വ്യവസ്ഥവഴി കോർപറേറ്റ് ഗവർണൻസ് സംസ്കാരം ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. ദുർബലമായ തുടക്കത്തിൽ നിന്നും ഒരു സ്വതന്ത്ര മേഖലയായി തീരുന്നതുവരെ കൂടെ നിന്ന് സഹായിക്കുന്നുതുവഴി ഞങ്ങളുടെ പാർട്ട്ണർമാരായ 8 മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ എസ്എഫ്ബി/ യൂനിവേഴ്സൽ ബാങ്കുകളായി ആയി മാറിക്കഴിഞ്ഞിട്ടുണ്ട്. അത്യന്തം ചെറിയ വായ്പകളുടെ കാര്യത്തിൽ നൂതനമായ ഒരു സംരംഭം, മാർക്കറ്റ് നിരക്കുകളേക്കൾ കുറഞ്ഞ പലിശ നിരക്കുകളിൽ ചെറിയ വായ്പകൾ സിഡ്ബിയിൽ നിന്ന് നേരിട്ട് (പാർട്ട്ണർഷിപ്പ് സംവിധാനം വഴി) ലഭ്യമാക്കുക എന്നതാണ്. 'പ്രയാസ്' എന്ന പേരിലറിയപ്പെടുന്ന ഈ പദ്ധതിയനുസരിച്ച് പാർട്ട്ണർഷിപ്പ് സംവിധാനം വഴി സിഡ്ബി, ഏറ്റവും താഴെതട്ടിലുള്ള, അത്യന്തം ചെറിയ വായ്പകൾ എടുക്കുവാനാഗ്രഹിക്കുന്നവർക്ക് മാർക്കറ്റ് നിരക്കുകളേക്കാൾ കുറഞ്ഞ പലിശ നിരക്കുകളിൽ ₹0.50 ലക്ഷംമുതൽ₹ 5ലക്ഷം വരെ വായ്പ നൽകുന്നതാണ്.

## ഇക്വിഫാക്സിനെക്കുറിച്ച്

ഇക്വിനോക്സ്, ബിസിനസ്സ് പരമായും വ്യക്തിപരമായും കൂടുതൽ വസ്തുതാപരമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്ന തരത്തിൽ അറിവുകളെ ഉൾക്കാഴ്ചകളാക്കി മാറ്റുക വഴി ലോകമെമ്പാടുമുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഊർജ്ജം പ്രദാനം ചെയ്യാനായി വിശ്വസനീയവും വിശിഷ്ടവുമായ ഡാറ്റ, നൂതനമായ അപ്ഗ്രഥന രീതികൾ, സാങ്കേതികവിദ്യ, വ്യവസായങ്ങളിലെ വൈദഗ്ധ്യം എന്നിവ ഉപയോഗപ്പെടുത്തുന്ന ഒരു ഗ്ലോബൽ ഇൻഫൊർമേഷൻ സൊല്യൂഷൻ കമ്പനിയാണ്.

അറ്റ്ലാന്റ, ജിഎ ആസ്ഥാനമായ ഇക്വിഫാക്സ്, വടക്കെ അമേരിക്ക, മദ്ധ്യ-ദക്ഷിണ അമേരിക്ക, യൂറോപ്പ്, ഏഷ്യാ പെസിഫിക്ക് മേഖലയിലെ 24 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതോ ആ രാജ്യങ്ങളിൽ നിക്ഷേപങ്ങളുള്ളതോ ആണ്. ഈ സ്ഥാപനം സ്റ്റാൻഡേർഡ് ആന്റ് പുവറിന്റെ (എസ്&പി) 500® ഇൻഡക്സിൽ അംഗമാണ്. സ്ഥാപനത്തിന്റെ പൊതു സ്റ്റോക്കുകൾ ഇഎഫ്എക്സ് എന്ന അടയാളത്തിൽ ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ട്രേഡ് ചെയ്യപ്പെടുന്നതുമാണ്. ലോകത്തകമാനം ഇക്വിഫാക്സിന്റെ 11,000 ജീവനക്കാരുണ്ട്. ക്രെഡിറ്റ് വ്യവസായത്തിൽ 120 വർഷങ്ങളുടെപാരമ്പര്യവുമായി 2010ൽ ഇക്വിഫാക്സ് ഇന്ത്യൻ വിപണിയിൽ സാന്നിദ്ധ്യമറിയിക്കുകയും ഒരു സിഐസിയായി പ്രവർത്തിക്കാൻ റിസർവ് ബാങ്കിന്റെ ലൈസൻസ് കരസ്ഥമാക്കുകയും ചെയ്തു. കഴിഞ്ഞ 9 വർഷക്കാലം ഈ ക്രെഡിറ്റ് ബ്യൂറോയിൽ, ബാങ്കുകൾ, എൻബിഎഫ്സികൾ, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ, ഇൻഷൂറർമാർ എന്നിവരടങ്ങുന്ന 4000ലധികം അംഗങ്ങളുണ്ട്. ഈ അംഗങ്ങൾ ലക്ഷക്കണക്കിന് ഇന്ത്യൻ ഉപഭോക്താക്കളുടെ ജനസംഖ്യാപരവും വായ്പതിരിച്ചടക്കലും സംബന്ധിച്ച ഡാറ്റ ലഭ്യമാക്കുന്നു. 2014ൽ ഇക്വിഫാക്സ് ഒരു അനലിറ്റിക്കൽ കമ്പനിയെ ഏറ്റെടുത്തുകൊണ്ട് കൂടുതലായി ഭാരതത്തിൽ തങ്ങളുടെ കാല്പാടുകൾ പതിപ്പിച്ചിരിക്കുന്നു. ഇക്വിഫാക്സ് അനലിറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ബിസിനസ്സുകളുടെ ഗതിവിധികളേയും ഉപഭോക്താക്കളുടെ ജീവിതങ്ങളേയും സമൃദ്ധമാക്കുന്ന അതുല്യമായ അപഗ്രഥന വ്യാഖ്യാനങ്ങൾ നൽകുന്ന ഇക്വിഫാക്സിന്റെ പൂർണ്ണമായും ഉടമസ്ഥതയിലുള്ള ഭാരതത്തിലെ അനലിറ്റിക്കൽ സ്ഥാപനമാണ്.

**ബാദ്ധ്യതാനിരാകരണം**

**ഈ മൈക്രോഫിനാൻസ് പൾസ് റിപ്പോർട്ട് (ഈ റിപ്പോർട്ട്) ഇക്വിഫാക്സ് ക്രെഡിറ്റ് ഇൻഫൊർമേഷൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയതാണ്. ഈ റിപ്പോർട്ട് പരിശോധിക്കുകയും ഉപയോഗിക്കുകയും ചെയ്യുക വഴി ഉപയോക്താവ്, അത്തരം ഉപയോഗം ഈ ബാധ്യതാ നിരാകരണത്തിന് വിധേയമാണെന്ന് സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ട്, ഡിസംബർ 2020 അനുസരിച്ച് ഗണ്യമായും ഇക്വിഫാക്സിലെ അംഗങ്ങളായ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ നൽകിയ വിവരങ്ങളുടെ ശേഖരം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കപ്പെട്ടതാണ്.ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഇക്വിഫാക്സ് യുക്തിസഹമായ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെങ്കിലും, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ നൽകിയ തെറ്റായതോ അപര്യാപ്തമായതോ ആയ വിവരങ്ങൾ കാരണം ഉണ്ടായേക്കാവുന്ന ഏതെങ്കിലും തെറ്റുകുറ്റങ്ങൾക്കോ വിവരങ്ങളുടെ സൂക്ഷ്മതയ്ക്കോ ഇക്വിഫാക്സ് ഉത്തരവാദിയാകുന്നതല്ല. കൂടാതെ, ഈ റിപ്പോർട്ടിലെ വിവരങ്ങളുടെ സൂക്ഷ്മതയെക്കുറിച്ചോ പൂർണ്ണതയെക്കുറിച്ചോ,ഏതെങ്കിലും നിർദ്ദിഷ്ട പ്രയോജനത്തിനായി ഇതിന്റെ ഔചിത്യത്തെക്കുറിച്ചോ ഇക്വിഫാക്സ് യാതൊരു ഉറപ്പും നൽകുന്നില്ല. മാത്രമല്ല, ആരെങ്കിലും ഈ റിപ്പോർട്ട് പരിശോധിക്കുകയോ ആശ്രയിക്കുകയോ ചെയ്യുന്നതിന് ഇക്വിഫാക്സ് ഉത്തരവാദിയാകുന്നതല്ല, ഇക്വിഫാക്സ് അത്തരം എല്ലാ ബാദ്ധ്യതകളേയും നിരാകരിക്കുന്നു. ഈ റിപ്പോർട്ട് (i) വായ്പ നൽകുന്നതിനോ നൽകാതിരിക്കുന്നതിനോ (ii)ബന്ധപ്പെട്ട വ്യക്തി/സ്ഥാപനവുമായി ഏതെങ്കിലും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനോ നടത്താതിരിക്കുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും അപേക്ഷയോ, ഉല്പന്നമോ, ശിപാർശയോ സ്വീകരിക്കുന്നതിനോ തള്ളുന്നതിനോ ഇക്വിഫാക്സ് നൽകുന്ന ശിപാർശ അല്ല. ഈ റിപ്പോർട്ടിലെ വിവരങ്ങൾ ഒരു ഉപദേശമല്ല; ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ഏതെങ്കിലും തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പ് ഇതിന്റെ ഉപയോക്താവ്, തന്റെ അഭിപ്രായത്തിൽ വിവേകപൂർണ്ണമായ വിശകലനം നടത്തേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഉപയോഗം ക്രെഡിറ്റ് ഇൻഫോർമേഷൻ കമ്പനീസ് (റെഗുലേഷൻ) ആക്ട് 2005, ക്രെഡിറ്റ് ഇൻഫോർമേഷൻ കമ്പനീസ് റെഗുലേഷൻ 2006, ക്രെഡിറ്റ് ഇൻഫോർമേഷൻ കമ്പനീസ് റൂൾസ് 2006 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമാണ്. മുൻകൂർ അനുമതി വാങ്ങാതെ ഈ റിപ്പോർട്ടിന്റെ യാതൊരു ഭാഗവും പകർത്താനോ, പ്രചരിപ്പിക്കാനോ, പ്രസിദ്ധീകരിക്കാനോ പാടുള്ളതല്ല.**

## ബന്ധപ്പെടാനുള്ളവിവരങ്ങൾ


**ഇക്വിഫാക്സ് ക്രെഡിറ്റ് ഇൻഫൊർമേഷൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്**
യൂണിറ്റ് നമ്പർ 931, മൂന്നാം നില, ബിൽഡിംഗ് നമ്പർ 9,
സോളിറ്റയർ കോർപൊറേറ്റ് പാർക്ക്,
അന്ധേരി ഘാട്കോപ്പർ ലിങ്ക് റോഡ്, അന്ധേരി (ഈസ്റ്റ് )
മുംബൈ- **400 093**
ടോൾഫ്രീനമ്പർ.: **1800 2093247** ecissupport@equifax.com

**സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക ഓഫ് ഇന്ത്യ**
സ്വാവലംബൻ ഭവൻ, പ്ലോട്ട് നമ്പർ സി-1, ജി ബ്ലോക്ക്,
ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്)
മുംബൈ - 400 051മഹാരാഷ്ട്ര

ടോൾഫ്രീനമ്പർ**: 1800 226753**
**www.sidbi.in/en**



കോപ്പിറൈറ്റ് © 2021, ഇക്വിഫാക്സ് ഐഎൻസി, അറ്റ്ലാന്റ, ജോർജിയ. എല്ലാ അധികാരങ്ങളും സുരക്ഷിതം. ഇക്വിഫാക്സ്, ഇക്വിഫാക്സ് ഐഎൻസിയുടെ രജിസ്റ്റേർഡ് ട്രേഡ്മാർക്ക് ആകുന്നു.